**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2059** **09-02-2023 - ൽ മറുപടിയ്ക്ക്**

**അനധികൃത നിക്ഷേപ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | അനധികൃത നിക്ഷേപ പദ്ധതികൾ പ്രചരിപ്പിക്കുന്നവർക്കെതിരെ ഏതൊക്കെ നിയമങ്ങൾ പ്രകാരം നടപടി സ്വീകരിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | 2019 ലെ BUDS Act, Money Lenders Act, Co-Operative Act, Kerala Protection of Interests of Depositors in Financial Establishment Act 2013, The Prize Chits and Money Circulation Schemes (Banning) Act 1978, IPC 420 ഉടങ്ങിയ വിവിധ നിയമങ്ങൾ പ്രകാരം നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | അത്തരത്തിലുള്ള ഓരോ നിയമപ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ അനധികൃത നിക്ഷേപ പദ്ധതികൾ പ്രോത്സാഹിപ്പിച്ചവർക്കെതിരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്നും അവ ആർക്കൊക്കെ എതിരെയെന്നും ഇനം തിരിച്ചു വ്യക്തമാക്കുമോ; | (ബി) | അനധികൃത നിക്ഷേപങ്ങൾ സംബന്ധിച്ച കേസുകളിലെ നിയമ നടപടികൾ പ്രധാനമായും ബഡ്സ് ആക്ട് പ്രകാരമാണ് സ്വീകരിച്ചു വരുന്നത്. ഈ നിയമപ്രകാരമുള്ള കേരള ബാനിംഗ് ഓഫ് അൺറഗുലേറ്റഡ് ഡെപ്പൊസിറ്റ് സ്കീംസ് റൂൾസ്, 25.11.2021 ന് വിജ്ഞാപനം ചെയ്തിട്ടുണ്ട്. ബഡ്സ് ആക്ടിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത് പ്രകാരം കോംപീറ്റന്റ് അതോറിറ്റിയായി ശ്രീ. സഞ്ജയ് കൗൾ ഐ.എ.എസി നെ നിയമിച്ചിട്ടുണ്ട്.<br><br>പോലീസ് അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 24 സ്ഥാപനങ്ങളുടെ സ്ഥാവര ജംഗമ വസ്തുക്കൾ താത്കാലികമായി കണ്ടുകെട്ടുന്നതിന് കോംപീറ്റന്റ് അതോറിറ്റി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇപ്രകാരം വസ്തുവകകൾ കണ്ടുകെട്ടുന്നതിനും ബന്ധപ്പെട്ട ഡെസിഗ്നേറ്റഡ് കോടതികളിൽ കേസ് ഫയൽ ചെയ്യുന്നതിനും എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>പോപ്പുലർ ഫിനാൻസ്, യൂണിവേഴ്സൽ ട്രേഡിംഗ് സൊല്യൂഷൻസ്, ആർ വൺ ഇൻഫോ ട്രേഡ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾക്കെതിരെ ബഡ്സ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത കേസുകളുടെ അന്വേഷണം സിബിഐയ്ക്ക് കൈമാറാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിൽ പോപ്പുലർ ഫിനാൻസ് നിക്ഷേപ തട്ടിപ്പുമായി ബന്ധപ്പെട്ട കേസുകളുടെ |

| | | | |
|---|---|---|---|
| | | | അന്വേഷണം സിബിഐയുടെ നേതൃത്വത്തിൽ നടന്നുവരുന്നു. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ അനധികൃത പണമിടപാട് സ്ഥാപനങ്ങളുടെയും ഓൺലൈൻ തട്ടിപ്പുകളുടെയും വട്ടിപ്പലിശ സംഘങ്ങളുടെയും കെണിയിൽപ്പെട്ട് എത്രപേർ ആത്മഹത്യ ചെയ്തിട്ടുണ്ട്; വിശദാംശം നൽകുമോ; | (സി) | സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്യപ്പെട്ട നാല് സംഭവങ്ങളിൽ രണ്ട് കേസുകൾ അന്വേഷണാവസ്ഥയിലാണ്. ആവശ്യപ്പെട്ട മറ്റു വിവരങ്ങൾ പ്രത്യേകം ശേഖരിക്കേണ്ടതുണ്ട്. ക്രോഡീകരിച്ച വിവരം ലഭ്യമല്ല. |
| (ഡി) | മേൽപ്പറഞ്ഞ ഓരോ സംഭവങ്ങളിലും ഏതൊക്കെ നിയമപ്രകാരം തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും കുറ്റക്കാരായി കണ്ടെത്തിയവർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ? | (ഡി) | സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്യപ്പെട്ട നാല് സംഭവങ്ങളിൽ രണ്ട് കേസുകൾ അന്വേഷണാവസ്ഥയിലാണ്. ആവശ്യപ്പെട്ട മറ്റു വിവരങ്ങൾ പ്രത്യേകം ശേഖരിക്കേണ്ടതുണ്ട്. ക്രോഡീകരിച്ച വിവരം ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ